

**യോഹന്നാൻ മാംദാന ദനഹാക്കാലം ആദ്യവെള്ളി**

അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും മിശിഹായുടെ മഹത്വം അനുഭവിക്കുകയും യോർദാനിലെ മാമോദീസവേളയിൽ മിശിഹായുടെയും പരിശുദ്ധത്രിത്വത്തിന്റെയും മഹത്വത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്ത യോഹന്നാൻ മാംദാനയെ ദനഹാക്കാലത്തിലെ ആദ്യ വെള്ളിയാഴ്ച നാം അനുസ്മരിക്കുന്നു. യോഹന്നാൻ മാംദാനയെ പോലെ, മിശിഹായെ ഈ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ തങ്ങളുടെ ജീവിതം സമർപ്പിച്ച വിശുദ്ധരെ, പ്രത്യേകമായി, പത്രോസ്പൗലോസ് ശ്ലീഹന്മാർ, നാലു സുവിശേഷകന്മാർ, ആദ്യരക്തസാക്ഷിയായ വിശുദ്ധഎസ്തപ്പാനോസ്, ഗ്രീക്കുസുറിയാനി സഭാപിതാക്കന്മാർ, ഇടവക മധ്യസ്ഥൻ/സ്ഥ, സകല മരിച്ചവർ എന്നീക്രമത്തിൽ തുടർന്നുള്ള വെള്ളിയാഴ്ചകളിൽ നാം ഓർക്കുന്നു.

**വന്ധ്യയായ ഏലീശ്വായിൽനിന്നു ദൈവികകൃപയാൽ ജനിച്ചവനാണ് യോഹന്നാൻ**. 'മാനവപാപം നീക്കും കുഞ്ഞാടാം ഈശോയ്ക്കായ് വീഥിയൊരുക്കുകയായി താപസനാ മരുഭൂവിൽ' എന്നു വിശുദ്ധ സ്നാപകയോഹന്നാൻറെ അനുസ്മരണാദിനത്തിൽ മദ്ബഹഗീതസമയത്തു നാം പ്രകീർത്തിക്കുന്നു (*വിശുദ്ധ സ്നാപകയോഹന്നാൻ, പ്രോപ്രിയ*). ഇന്നേ ദിനത്തിൽ, യോഹന്നാൻ മിശിഹായുടെ മുന്നോടിയാണെന്നും സത്യത്തിനുസാക്ഷ്യം വഹിച്ചവനാണെന്നും പരിത്യാഗത്തിൻറെ ഉത്തമമാതൃകയാണെന്നും നാം ഏറ്റുപറയുന്നു.

**മാതാപിതാക്കളുടെ സ്വഭാവത്താൽ പുകഴ്ത്തപ്പെട്ട വിശുദ്ധ വ്യക്തിത്വമാണ് യോഹന്നാൻ മാംദാന.** വിശുദ്ധ അംബ്രോസ് പറയുന്നു: "യോഹന്നാൻ മാംദാന തൻറെ മാതാപിതാക്കൾ, അത്ഭുതങ്ങൾ, ദൗത്യങ്ങൾ, സഹനം എന്നിവയാൽ വിഖ്യാതനായി. യോഹന്നാൻറെ കുലീനത്വം കൈമാറപ്പെട്ടത് അവൻറെ മാതാപിതാക്കന്മാരിൽനിന്നു മാത്രമല്ല, അവൻറെ പൂർവികരിൽനിന്നുകൂടിയാണ്. അത്തരത്തിലുള്ള പൂർവികർ മിശിഹായുടെ

മുന്നോടിക്കു നിർബന്ധമായും ഉണ്ടാവണം. കാരണം മിശിഹായുടെ ആഗമനത്തിലുള്ള  വിശ്വാസം അവൻ പ്രഘോഷിക്കുന്നു."

**പഴയനിയമ ബലിയർപ്പണത്തിന്റെ അന്ത്യത്തിൻറെ പ്രതീകമാണ് യോഹന്നാൻ മാംദാന**. വിശുദ്ധ അപ്രേം ഇപ്രകാരം പ്രകീർത്തിക്കുന്നു: 'പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രൻ തമ്പുരാന് മുന്നോടിയാകേണ്ട യോഹന്നാനെക്കുറിച്ചു ബലിപീഠത്തിൻറെ വലതുവശത്തു നിന്ന് ഗബ്രിയേൽ ദൂതൻറെ അറിയിപ്പുണ്ടായി. ബലിയർപ്പണസമയത്തു സഖറിയാക്കു ലഭിച്ച ഈ അറിയിപ്പ് യോഹന്നാൻ പഴയനിയമബലിയർപ്പണത്തിന്റെ അന്ത്യമാണ് എന്നു കാണിക്കാൻവേണ്ടിയാണ്'.

**ശാരീരികപുണ്യത്തേക്കാൾ ആത്മീയപുണ്യത്താൽ ശ്രേഷ്ഠത കൈവരിച്ചവനാണ് യോഹന്നാൻ മാംദാന.** വിശുദ്ധ അംബ്രോസ്സ് പറയുന്നു: 'മാനുഷിക സന്തോഷങ്ങളെയും ശരീത്തിന്റെ അനുഭൂതികളെയും അവൻ നിസ്സാരമായി കരുതി. അരൂപിയുടെ നിറവോടെ മരുഭൂമിയിൽ അവൻ പഠിപ്പിച്ചു. ലൗകിക കാര്യങ്ങളിൽ അവൻ ശിശുവായിരുന്നു. എന്നാൽ അരൂപിയിൽ അവൻ വലിയവനായിരുന്നു. അവൻ ജീവിതത്തിൻറെ ആകർഷണങ്ങളാൽ വശീകരിക്കപ്പെട്ടില്ല. ജീവിക്കാനുള്ള ആഗ്രഹം ലക്ഷ്യബോധത്തിൽനിന്ന് അവനെ തെല്ലും അകറ്റിയില്ല'. അങ്ങനെ, നിസ്വാർത്ഥമായ ജീവിതത്തിലൂടെ ദൈവികമഹത്വം ലക്ഷ്യമാക്കി ജീവിച്ചവനാണ് യോഹന്നാൻ മാംദാന.

**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിൻറെ കുഞ്ഞാടിനെ ചൂണ്ടിക്കാണിച്ചവനാണ് യോഹന്നാൻ മാംദാന.** വിശുദ്ധ സിപ്രിയാൻ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: 'കർത്താവിൻറെ വരവിനുമുമ്പു വാക്കുകളിൽ അവനെ  വെറുതെ പ്രഘോഷിക്കുക മാത്രമല്ല യോഹന്നാൻ ചെയ്തത്; ജനങ്ങൾക്ക് അവനെ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്തു. മറ്റുള്ളവരെല്ലാം ആരിലൂടെയാണോ സ്നാനപ്പെടേണ്ടിയിരുന്നത് ആ മിശിഹായെ യോഹന്നാൻ സ്നാനപ്പെടുത്തി'.  അങ്ങനെ, മറ്റുള്ളവരുടെ വളർച്ചയിലും ഉന്നമനത്തിലും സന്തോഷിക്കാനും നമ്മെ പ്രചോദിപ്പിക്കുന്ന നല്ല

വ്യക്തിത്വമാണ് 'അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്നുപറഞ്ഞ യോഹന്നാൻ മാംദാന.

**ഏലിയായുടെ തീക്ഷണതയോടും മൂശേയുടെ ധൈര്യത്തോടുംകൂടെ ജീവിതകാലം മുഴുവൻ മിശിഹായ്ക്കു ശുശ്രൂഷചെയ്തവനാണ് യോഹന്നാൻ മാംദാന**. ജനങ്ങളെ അവിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്ക് തിരികെ കൊണ്ടുവന്നു. സമാഗതമായ സ്വർഗ്ഗരാജ്യപ്രവേശനത്തിനു മാനസാന്തരം അവശ്യമാണ് എന്ന് ഉദ്ഘോഷിച്ചു. അതുവഴി, എല്ലായിടത്തും ജനങ്ങൾ തങ്ങളുടെ പഴയ ജീവിതമാർഗം ഉപേക്ഷിക്കുകയും അവന്റെ വിശ്വാസത്തിൻറെ കൗദാശീകരഹസ്യങ്ങൾ നേടുന്നതിനു ഒന്നിച്ചുകൂടുകയുംചെയ്തു. മരുഭൂമിയിലെയും താഴ്വാരങ്ങളിലെയും അവൻറെ പ്രസംഗങ്ങൾ ഇതിനു ഉത്തമോദാഹരണങ്ങൾ ആണ്.

**നീതിമാൻമാർക്കു സജ്ജമാക്കിയ നീതിയുടെ കിരീടം ചൂടിയവനാണ് യോഹന്നാൻ മാംദാന.** വിശുദ്ധ ജോൺ ക്രിസോസ്തോം പറയുന്നു: 'നമ്മുടെ കാലത്തും വരാനിരിക്കുന്ന കാലത്തും തന്നിലൂടെയും മറ്റുള്ളവരിലൂടെയും ലോകമെങ്ങും യോഹന്നാൻ ഹേറോദേസിനെ ഖണ്ഡിക്കുന്നതു നമുക്ക് കേൾക്കാം. കാരണം സുവിശേഷം വായിക്കുന്ന ഓരോ മനുഷ്യനും പറയുന്നു: 'നിൻറെ സഹോദരനായ ഫിലിപ്പോസിൻറെ ഭാര്യയെ നീ സ്വന്തമാക്കുന്നത് നിഷിദ്ധമാണ്' (മർക്കോസ് 6:18). കൂടാതെ ഭവനങ്ങളിലും കച്ചവടസ്ഥലത്തെ യോഗങ്ങളിലും മറ്റെല്ലായിടത്തും ലോകത്തിൻറെ അതിർത്തികൾ വരെയും ഈ സ്വരം മുഴങ്ങുന്നത് നിങ്ങൾ കേൾക്കും. സ്വേച്ഛാധിപതിയുടെ തിന്മയെ എതിർത്തുകൊണ്ട് നീതിമാൻ സ്വരമുയർത്തുന്നത് നിങ്ങൾക്ക് ഇപ്പോഴും കേൾക്കാനാവും. കാലം കടന്നുപോകുന്തോറും ആ ശാസന നിശബ്ദമോ ദുർബലമോ ആവുകയില്ല'.... 'തൻറെ പ്രഘോഷണവും സഹനവും വഴി എത്രയോ അനുതാപികളേ എഴുന്നേറ്റുനിൽക്കുവാൻ അദ്ദേഹം സഹായിച്ചു! അതിനാൽ എന്തുകൊണ്ട് യോഹന്നാൻ കൊല്ലപ്പെട്ടു? എന്ന് വിസ്മയിക്കരുത്. എന്തെന്നാൽ അവിടെ സംഭവിച്ചത് മരണമല്ല, കിരീടധാരണമാണ്; അന്ത്യമാണ്, കൂടുതൽ മഹത്തായ ജീവിതത്തിൻറെ ആരംഭമാണ് (വെളി. 2: 10).

മിശിഹായെപ്പോലെ ജീവിക്കാനും ചിന്തിക്കാനും പരിശീലിക്കൂ. ഇത്തരം സംഭവങ്ങളിൽ നിങ്ങൾ ചഞ്ചലരാവുകയില്ലെന്നു മാത്രമല്ല വലിയ പ്രയോജനം ലഭിക്കുകകയും ചെയ്യും (മത്തായി 10:28)'. ടൂറിനിലെ വിശുദ്ധ മാക്സിമൂസ് ഇപ്രകാരം പറയുന്നു: 'യോഹന്നാൻ മാംദാന വിസ്മയകരമായി ജനിച്ചു. അതിനേക്കാൾ വിസ്മയകരമായി അവൻ വധിക്കപ്പെട്ടു. അവൻ ഒരു പ്രവചനത്തിൻറെ ഫലമായി ജനിച്ചു. സത്യത്തിനുവേണ്ടി വധിക്കപ്പെട്ടു. തൻറെ ജനനംവഴി രക്ഷകൻറെ വരവ് അവൻ ഉദ്ഘോഷിച്ചു. തൻറെ മരണം വഴി ഹേറോദേസിൻറെ അവിഹിത വേഴ്ച്ചയെ കുറ്റപ്പെടുത്തി.... കർത്താവിൽ നിന്ന് സമ്മാനമായി സ്വീകരിച്ച തൻറെ ശരീരത്തെ കർത്താവിനെ ഏറ്റുപറയുന്നതിനുവേണ്ടി അവൻ മാറ്റിവച്ചു. അതുകൊണ്ട് യോഹന്നാൻ ദൈവഹിതമനുസരിച്ചു എല്ലാം പ്രവർത്തിച്ചു. കാരണം അവൻ ജനിച്ചതും മരിച്ചതുമെല്ലാം ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു'.

മിശിഹായുടെ ആഗമനത്തിനുമുമ്പു വഴിയൊരുക്കാനായി അയക്കപ്പെട്ട ഉത്തമപ്രവാചകനായ യോഹന്നാൻ മാംദാനയുടെ മഹത്വപൂർണമായ ഓർമ്മതിരുനാൾ ദിനമാണല്ലോ ദനഹാകാലത്തിലെ ആദ്യവെള്ളിയാഴ്ച. അതിനാൽ ഇന്നേ ദിനത്തിൽ 'മിശിഹായ്ക്കു വഴിയൊരുക്കാനും അനുതാപത്തിൻറെ മാമോദീസ പ്രഘോഷിക്കാനും സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും വലിയവനായ യോഹന്നാൻ മാംദാനയെ അയച്ചതിനു നമുക്ക് കർത്താവിനു നന്ദിപറയാം. ദൈവികവരദാനങ്ങളാൽ അനുഗ്രഹീതനായ യോഹന്നാനെപ്പോലെ ത്യാഗപൂർണമായ ജീവിതം നയിച്ചുകൊണ്ട് മരണംവരെയും മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനും ദൈവരാജ്യത്തിൻറെ സദ്വാർത്ത അറിയിക്കാനും' (*ഹൂത്താമ്മ, വിശുദ്ധ സ്നാപകയോഹന്നാൻ, പ്രോപ്രിയ*) നമുക്ക് പരിശ്രമിക്കാം.

തയ്യാറാക്കിയത്:
**റവ. ഡോ. ബിൽജു വാഴപ്പിള്ളി**

Read more at: www.Syromalabarliturgy.org
Commission for Liturgy
Mount St.Thomas Kakkanad